## മധുരമായ കുട്ടികളേ, നിങ്ങൾ ഇവിടെ മനുഷ്യനിൽ നിന്നും ദേവതയാകുവാനുള്ള ട്യൂഷൻ പഠിക്കുവാൻ വന്നിരിക്കുകയാണ്, കക്കയിൽ നിന്നും വജ്രമായിക്കൊണ്ടിരിക്കുന്നു.

**ചോദ്യം:-** നിങ്ങൾ കുട്ടികൾക്ക് ഈ പഠിപ്പിന് യാതൊരു ചിലവുമില്ല - എന്തുകൊണ്ട്?
**ഉത്തരം:-** നിങ്ങളുടെ അച്ഛൻ തന്നെയാണ് ടീച്ചർ. അച്ഛൻ കുട്ടികളിൽ നിന്നും എങ്ങനെ ഫീസ് വാങ്ങിക്കും. ബാബയുടെ കുട്ടിയായി, ബാബയുടെ അടുക്കൽ വന്ന അപ്പോൾ സമ്പത്തിന്റെ അധികാരിയുമായിത്തീർന്നു. നിങ്ങൾ കുട്ടികൾ യാതൊരു ചിലവും കൂടാതെ കക്കയിൽ നിന്നും വജ്ര സമാനം ദേവതയായി മാറുന്നു. ഭക്തിയിൽ തീർത്ഥാടനങ്ങൾ ചെയ്യുമ്പോഴും ദാന പുണ്യങ്ങൾ ചെയ്യുമ്പോഴും ചിലവോട് ചിലവാണ്. ഇവിടെ ബാബ കുട്ടികൾക്ക് രാജ്യ പദവി നല്കുന്നു. മുഴുവൻ സമ്പത്തും സൗജന്യമായി നല്കുന്നു. പവിത്രമാകൂ സമ്പത്തെടുക്കൂ.

**ഓം ശാന്തി**. നമ്മൾ വിദ്യാർത്ഥികളാണെന്ന് കുട്ടികൾ മനസ്സിലാക്കുന്നുണ്ട്. ബാബയുടെ വിദ്യാർത്ഥികൾ എന്താണ് പഠിച്ച് കൊണ്ടിരിക്കുന്നത്? നമ്മൾ മനുഷ്യനിൽ നിന്നും ദേവതയാകുവാനുള്ള ട്യൂഷൻ പഠിച്ച് കൊണ്ടിരിക്കുന്നു. നമ്മൾ ആത്മാക്കൾ പരംപിതാ പരമാത്മാവിൽ നിന്നും ട്യൂഷൻ പഠിച്ച് കൊണ്ടിരിക്കുന്നു. ഓരോ ജന്മത്തിലും സ്വയം ദേഹമാണെന്നാണ് വിചാരിച്ചിരുന്നത്, ആത്മാവാണെന്നായിരുന്നില്ല. ആ ലൗകീക അച്ഛൻ ട്യൂഷനുവേണ്ടി ഒരു സ്ഥലത്തേയ്ക്ക് അയക്കുന്നു, സത്ഗതിക്ക് വേണ്ടി മറ്റ് സ്ഥലത്തേയ്ക്ക് അയക്കുന്നു. അച്ഛൻ വയസ്സായി കഴിയുമ്പോൾ വാനപ്രസ്ഥത്തിലേയ്ക്ക് പോകുവാൻ ആഗ്രഹിക്കുന്നു. എന്നാൽ വാനപ്രസ്ഥത്തിന്റെ അർത്ഥം ആരും അറിയുന്നില്ല. എങ്ങനെ നമുക്ക് ശബ്ദത്തിനുപരിയായി പോകുവാൻ സാധിക്കും? ഇത് ബുദ്ധിയിൽ ഇല്ല. ഇപ്പോൾ നമ്മൾ പതീതമാണ്. നമ്മൾ ആത്മാക്കൾ എവിടെ നിന്നാണോ വന്നത് അവിടെ നിങ്ങൾ പാവനമായിരുന്നു. ഇവിടെ വന്ന് പാർട്ട് അഭിനയിച്ച് അഭിനയിച്ച് പതീതമായി മാറിയിരിക്കുന്നു. ആര് വീണ്ടും പാവനമാക്കും? അല്ലയോ പതീത പാവനാ എന്ന് വിളിക്കുന്നുമുണ്ട്. ഗുരുക്കന്മാരെ ആരെയും പതീത പാവനാ എന്ന് വിളിക്കുവാൻ സാധിക്കില്ല. ഗുരുക്കന്മാരുടെ അടുത്ത് പോകുന്നുണ്ട് എന്നാൽ പോലും ഒരാളിലും പൂർണ്ണ നിശ്ചയം ഇല്ല. നമ്മളെ നമ്മുടെ വീട്ടിലേയ്ക്ക് അഥവാ വാനപ്രസ്ഥ അവസ്ഥയിൽ എത്തിക്കുന്ന, അതിനു വേണ്ടി വളരെയധികം യുക്തികൾ രചിക്കുന്ന ഏതെങ്കിലും ഗുരുവിനെ ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കൂ. ഇന്നയാൾക്ക് വളരെ മഹിമയുണ്ട് എന്ന് കേട്ടാൽ അവിടേയ്ക്ക് പോകുന്നു. ഈ വൃക്ഷത്തിന്റെ തൈകളായിട്ടുള്ളവർക്ക് നിങ്ങളുടെ ജ്ഞാനത്തിന്റെ അസ്ത്രം തറയ്ക്കും. ഇത് സത്യമായ കാര്യമാണെന്ന് മനസ്സിലാക്കും. നിങ്ങൾ വാനപ്രസ്ഥ അവസ്ഥയിലേയ്ക്ക് പോവുകയല്ലേ. ഇത് വലിയ കാര്യമൊന്നും അല്ല. ടീച്ചറിന് സ്കൂളിൽ പഠിപ്പിക്കുക എന്നത് വലിയ കാര്യമല്ല. ഭക്തർക്ക് എന്താണ് വേണ്ടത്? ഇതും ആർക്കും അറിയില്ല. നിങ്ങൾ കുട്ടികൾ ഈ ഡ്രാമയുടെ ചക്രത്തെ നല്ല രീതിയിൽ മനസ്സിലാക്കിയിരിക്കുന്നു. ബാബ തന്നെയാണ് സമ്പത്ത് നല്കിയിരുന്നതെന്നും, ഇപ്പോൾ നൽകി കൊണ്ടിരിക്കുകയാണ് വീണ്ടും ആ അവസ്ഥയിൽ എത്തുമെന്നും നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട്. പവിത്രമാകുവാൻ വേണ്ടി ബാബയെ ഓർമ്മിക്കണം ഇതാണ് മുഖ്യമായ കാര്യം. എല്ലാവർക്കും ലൗകീക അച്ഛനെ ഓർമ്മയുണ്ട്. പാരലൗകീക അച്ഛനെ ആരും അറിയുന്നില്ല. നിങ്ങൾക്കറിയാം സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുക എന്നത് വളരെ സഹജവുമാണ് അതുപോലെ വളരെ പ്രയാസവുമാണ്.

ആത്മാവ് വളരെ ചെറിയ നക്ഷത്രമാണ്. ബാബയും നക്ഷത്രമാണ്. ബാബ സമ്പൂർണ്ണ പവിത്ര ആത്മാവും ഇവർ സമ്പൂർണ്ണ അപവിത്രവും. സമ്പൂർണ്ണ പവിത്ര ആത്മാവുമായിട്ടുള്ള കൂട്ട്കെട്ട് ഉയർത്തുന്നു....അതും ഒന്നിന്റെ കൂട്ട്കെട്ടാണ് ലഭിക്കുന്നത്. കൂട്ട്കെട്ട് തീർച്ചയായും ആവശ്യമാണ്. 5 വികാരങ്ങളാകുന്ന രാവണന്റെ മോശമായ കൂട്ട്കെട്ടും ലഭിക്കുന്നു. അവരെ രാവണ സമ്പ്രദായത്തിലുള്ളവർ എന്നാണ് പറയുന്നത്. നിങ്ങൾ ഇപ്പോൾ രാമന്റെ സമ്പ്രദായത്തിലുള്ളവരായികൊണ്ടിരിക്കുന്നു. നിങ്ങൾ രാമന്റെ സമ്പ്രദായത്തിലേതാകുമ്പോൾ ഈ രാവണ സമ്പ്രദായം ഉണ്ടായിരിക്കില്ല. ഈ ജ്ഞാനം ബുദ്ധിയിലുണ്ട്. ഭഗവാനെയാണ് രാമൻ എന്ന് പറയുന്നത്. ഭഗവാൻ തന്നെയാണ് വന്ന് രാമരാജ്യം സ്ഥാപിക്കുന്നത് അർത്ഥം സൂര്യവംശീ രാജ്യം സ്ഥാപിക്കുന്നത്. രാമരാജ്യം എന്നും പറയില്ല, എന്നാൽ മനസ്സിലാക്കി കൊടുക്കുവാൻ എളുപ്പമാണ് - രാമരാജ്യവും രാവണരാജ്യവും. വാസ്തവത്തിൽ സൂര്യവംശീ രാജ്യമാണ്. വജ്രതുല്യമായ ജീവിതം എങ്ങനെ നേടാം എന്ന പേരിൽ നിങ്ങളുടെ ഒരു ചെറിയ പുസ്തകവുമുണ്ട്. വജ്രതുല്യമായ ജീവിതം എന്ന്

എന്തിനെയാണ് പറയുന്നത് എന്ന് നിങ്ങളല്ലാതെ മറ്റ് മനുഷ്യർ അറിയുന്നില്ല. ദേവതകളെ പോലെ വജ്ര തുല്യമായ ജീവിതം എങ്ങനെ നേടാം എന്നത് എഴുതണം. ദേവത എന്ന വാക്ക് കൂട്ടിച്ചേർക്കണം. നമ്മൾ വജ്ര തുല്യമായ ജീവിതം ഇവിടെ നേടിയെടുക്കുകയാണ് എന്ന് നിങ്ങൾക്ക് അനുഭവമാകുന്നുണ്ട്. ബാബയ്ക്ക് അല്ലാതെ മറ്റാർക്കും ആക്കുവാൻ സാധിക്കില്ല. പുസ്തകമുണ്ട് നല്ലത്, അതിൽ ഈ വാക്കും കൂടി കൂട്ടിച്ചേർക്കണം. നിങ്ങൾ കക്കയ്ക്ക് സമാനമായ ആസുരീയ ജന്മത്തിൽ നിന്നും വജ്രതുല്യമായ ദേവതകളായി സെക്കന്റിലാണ് യാതൊരു ചിലവും ഇല്ലാതെ പ്രാപ്തമാക്കുന്നത്. കുട്ടികൾ അച്ഛന്റെ അടുക്കൽ ജന്മം എടുക്കുകയും സമ്പത്തിന് അവകാശിയാവുകയും ചെയ്യുന്നു. കുട്ടികൾക്ക് എന്തെങ്കിലും ചിലവുണ്ടോ? ജന്മം എടുത്തു സമ്പത്തിന് അവകാശിയുമായി. അച്ഛനാണ് ചിലവ് ചെയ്യുന്നത്, കുട്ടികൾ അല്ല. നിങ്ങൾ ഇപ്പോൾ എന്താണ് ചിലവാക്കുന്നത്? ബാബയുടേതാകുന്നതിന് എന്തെങ്കിലും ചിലവുണ്ടോ? ഇല്ല. ലൗകീക അച്ഛന്റേതാകുന്നതിൽ ചിലവൊന്നും ഇല്ല അതുപോലെ പാരലൗകീക അച്ഛന്റേതാകുന്നതിനും യാതൊരു ചിലവും ഇല്ല. ബാബയിരുന്ന് പഠിപ്പിക്കുകയാണ്, പഠിപ്പിച്ച് നിങ്ങളെ ദേവതയാക്കുന്നു. നിങ്ങൾ കൊച്ച് കുട്ടികളൊന്നും അല്ല, മുതിർന്നവരാണ്. ബാബയുടേതാകുന്നതിലൂടെ ബാബ നിർദ്ദേശങ്ങൾ നല്കുന്നു,നിങ്ങൾക്ക് നിങ്ങളുടെ രാജധാനി സ്ഥാപിക്കണം. ഇതിനുവേണ്ടി തീർച്ചയായും പവിത്രമാകണം. ചിലവൊന്നും ഇല്ല. ഗംഗയിൽ പോകുന്നു, തീർത്ഥ സ്ഥാനങ്ങളിൽ സ്നാനം ചെയ്യുവാൻ പോകുന്നു, ഇതിനെല്ലാം ചിലവുണ്ടല്ലോ അല്ലേ. നിങ്ങൾക്ക് ബാബയിൽ നിശ്ചയമായി, എന്തെങ്കിലും ചിലവായോ? നിങ്ങളുടെ അടുത്ത് സെന്ററുകളിൽ ആളുകൾ വരുന്നുണ്ട്. ഇപ്പോൾ പരിധിയില്ലാത്ത അച്ഛന്റെ സമ്പത്ത് എടുക്കൂ, ബാബയെ ഓർമ്മിക്കൂ എന്ന് നിങ്ങൾ അവരോട് പറയുന്നുണ്ട്. അച്ഛനാണല്ലോ അല്ലേ. ബാബ പറയുന്നു – എന്റെ സമ്പത്ത് നിങ്ങൾക്ക് വേണമെങ്കിൽ പതീതത്തിൽ നിന്നും പാവനമാകൂ, അപ്പോൾ പാവനമായ വിശ്വത്തിന്റെ അധികാരിയാകുവാൻ സാധിക്കും. ബാബ സ്വർഗ്ഗം സ്ഥാപിക്കുകയാണെന്നും അറിയാം. ബുദ്ധിശാലികളായ കുട്ടികൾ വളരെ നല്ല രീതിയിൽ മനസ്സിലാക്കുന്നു. ലൗകീകമായ പഠിത്തം പഠിക്കുന്നതിന് എത്രമാത്രം ചിലവാണ്, ഇവിടെ യാതൊരു ചിലവും ഇല്ല. ആത്മാവ് പറയുന്നു നമ്മൾ അവിനാശിയാണ്, ഈ ശരീരം നശിക്കുന്നതാണ്. കൊച്ച് കുട്ടികളുടെയും സർവ്വരുടേയും വിനാശം സംഭവിക്കും. ശരി, ധാരാളം ധനവും മറ്റും ശേഖരിച്ച് വെച്ചിരിക്കുന്നവർ അത് എന്ത് ചെയ്യും? ചിന്തയുണ്ടാകുമല്ലോ അല്ലേ. സമ്പന്നരായിട്ടുള്ളവരും ഉണ്ട്, അവർക്ക് മറ്റാരും ഉണ്ടായിരിക്കില്ല, ഈ അവസരത്തിൽ ധനമെല്ലാം എന്ത് ചെയ്യും എന്ന് ജ്ഞാനം ലഭിക്കുമ്പോൾ മനസ്സിലാക്കും. പഠിത്തം വരുമാനമാർഗ്ഗമാണ്. ബാബ എബ്രഹാം ലിങ്കനെ കുറിച്ച് പറഞ്ഞിരുന്നു, വളരെ ദരിദ്രനായിരുന്നു. രാത്രിയിൽ ഉണർന്നിരുന്നാണ് പഠിച്ചിരുന്നത്. പഠിച്ച് പഠിച്ച് അത്രയും സമർത്ഥനായി, അദ്ദേഹം പ്രസിഡന്റായിത്തീർന്നു. എന്തെങ്കിലും ചിലവുണ്ടോ? ഒന്നും ഇല്ല. ധാരാളം ദരിദ്രരായിട്ടുള്ളവരുണ്ട്, അവരിൽ നിന്നും പഠിക്കുന്നതിനു വേണ്ടി ഗവൺമെന്റ് പൈസ വാങ്ങിക്കാറില്ല. അങ്ങനെ ധാരാളം പേർ പഠിക്കുന്നുണ്ട്, അവരും ഫീസ്സൊന്നും കൊടുക്കാതെ പ്രസിഡന്റായി മാറുന്നു. എത്ര ഉയർന്ന പദവിയാണ് നേടുന്നത്. ഈ ഗവൺമെന്റും യാതൊരു ഫീസ്സും വാങ്ങിക്കുന്നില്ല. ഈ മുഴുവൻ ലോകവും ദരിദ്രമാണെന്ന് അറിയാം. ഇനി എത്രമാത്രം സമ്പന്നനായാലും ലക്ഷാധിപതിയായാലും കോടിപതിയായാലും അവരും ദരിദ്രർ എന്നാണ് പറയുന്നത്. നമ്മൾ അവരെ സമ്പന്നരാക്കുന്നു. എത്രമാത്രം ധനമുണ്ടെങ്കിലും നിങ്ങൾക്കറിയാം ഇനി ബാക്കി കുറച്ച് ദിവസങ്ങളാണുള്ളതെന്ന്. ഇതെല്ലാം മണ്ണോട് മണ്ണാകും. അങ്ങനെയാകുമ്പോൾ ദരിദ്രർ തന്നെയല്ലേ. പഠിത്തത്തിലാണ് മുഴുവൻ ആധാരവും. ബാബ കുട്ടികളെ പഠിപ്പിക്കുന്നതിന് എന്ത് ഫീസ്സ് വാങ്ങും? ബാബ വിശ്വത്തിന്റെ അധികാരിയാണ്, നമ്മൾ ഭാവിയിൽ ഇതാകും എന്ന് കുട്ടികൾക്കറിയാം. ഞാൻ വന്നിരിക്കുന്നത് ഇത് സ്ഥാപിക്കുന്നതിനു വേണ്ടിയാണ്. ബാഡ്ജിലും ഈ അറിവുണ്ട്. പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ ഉണ്ടാകുന്നുണ്ട്. ശിവബാബ പറയുന്നു–എന്നിൽ മുഴുവൻ പാർട്ടും അടങ്ങിയിട്ടുണ്ട്. വികാരികളും പതീതരുമായവരെ ബാബ വന്ന് പാവനമാക്കുന്നു. 5000 വർഷങ്ങൾക്ക് മുൻപ് ബാബയിൽ നിന്നും വിശ്വത്തിന്റെ ചക്രവർത്തി പദവി നേടിയിരുന്നു എന്ന് നിങ്ങൾക്കറിയാം. മുഖ്യമായ കാര്യം ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. സന്മുഖത്ത് പറയുന്നു. രഥം ലഭിച്ചു അപ്പോൾ ബാബയും വന്നു. തീർച്ചയായും ഒരു രഥം ഫിക്സാണ്. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. മാറ്റം സംഭവിക്കുന്നില്ല. ഈ വ്യാപാരി എങ്ങനെ പ്രജാപിതാ ബ്രഹ്മാവാകും എന്ന് ചോദിക്കാറുണ്ട്. ഇദ്ദേഹം വ്യാപാരിയായിരുന്നു എന്ന് അറിയാം. സത്യമായ വ്യാപാരവുമുണ്ട് അസത്യമായ വ്യാപാരവുമുണ്ട്. ഇതിലും സത്യമായ വ്യാപാരം ചെയ്യിക്കുന്നത് ബാബയാണ് അപ്പോൾ പിന്നെ ആ അസത്യമായ വ്യാപാരം യാതൊരു പ്രയോജനവും ഇല്ലാത്തതാണ്. ഇത് ജ്ഞാന രത്നങ്ങളാണ്. ഇതിന്റെ മുന്നിൽ ആ വ്യാപാരത്തിന് യാതൊരു വിലയുമില്ല. ഈ രത്നങ്ങൾ ലഭിച്ചപ്പോൾ തന്നെ വ്യാപാരം ചെയ്യുന്ന ജോലി യാതൊരു പ്രയോജനവും ഇല്ലാത്തതാണ് എന്ന് മനസ്സിലാക്കി. ഈ അവിനാശിയായ ജ്ഞാന രത്നങ്ങൾ ഓരോന്നും ലക്ഷങ്ങൾ വിലയുള്ളതാണ്. നിങ്ങൾക്ക് എത്രമാത്രം രത്നങ്ങളാണ് ലഭിക്കുന്നത്. ഈ ജ്ഞാന രത്നമാണ് സത്യമായിട്ടുള്ളത്. സഞ്ചി നിറയ്ക്കുവാൻ വേണ്ടി ബാബ ഈ രത്നങ്ങൾ നല്കുന്നതാണെന്ന് നിങ്ങൾക്കറിയാം. യാതൊരു ചിലവും ഇല്ലാതെ വെറുതെയാണ്

ലഭിക്കുന്നത്. അവിടെ ചുവരുകളിലും മേൽ കൂരയിലുമൊക്കെ രത്നങ്ങൾ പതിപ്പിച്ചിട്ടുണ്ടാകും. അതിന് എന്ത് മൂല്യമായിരിക്കും. പിന്നീടാണ് അതിന് മൂല്യമുണ്ടാകുന്നത്. അവിടെയുള്ള രത്നങ്ങളും ആഭരണങ്ങളും നിങ്ങളെ സംബന്ധിച്ച് ഒന്നുമേയല്ല. ഇത് കുട്ടികൾ നിശ്ചയമുണ്ടാകണം.
ബാബയുടെ രൂപത്തെക്കുറിച്ചും ഗുണങ്ങളെക്കുറിച്ചും ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്. ബാബയുടെ രൂപം വളരെ ചെറുതാണ്. ബാബയെ ജ്ഞാന സാഗരൻ എന്ന് വിളിക്കുന്നു. ഈ ജ്ഞാന രത്നത്തിലൂടെ നിങ്ങൾ വളരെയധികം ധനവാനായി മാറുന്നു. വെള്ളത്തിന്റെയോ അമൃതിന്റെയോ മഴയൊന്നും ഇല്ല. പഠിത്തത്തിൽ വെള്ളത്തിന്റെ കാര്യമൊന്നും ഇല്ല. പാവനമാകുവാൻ ചിലവൊന്നും ഇല്ല. നിങ്ങൾക്ക് ഇപ്പോൾ വിവേകം ലഭിച്ചിരിക്കുകയാണ്. പതീത പാവനൻ ഒരേയൊരു ബാബ തന്നെയാണ് എന്ന് മനസ്സിലാക്കുന്നുണ്ട്. നിങ്ങൾ നിങ്ങളുടെ യോഗബലത്തിലൂടെ പാവനമായികൊണ്ടിരിക്കുന്നു. പാവനമായി പാവന ലോകത്തിലേയ്ക്ക് പോകും എന്നതും അറിയാം. സത്യമായത് ഇതാണോ അതാണോ? ഈ കാര്യങ്ങളിലെല്ലാം ബുദ്ധി ഉപയോഗിക്കണം. ഡ്രാമയിൽ ഈ ഭക്തിയുടെ പാർട്ടും സംഭവിക്കേണ്ടത് തന്നെയാണ്. ബാബ പറയുന്നു, ഇപ്പോൾ നിങ്ങൾക്ക് പാവനമായി പാവന ലോകത്തിലേയ്ക്ക് പോകണം. പാവനമാകുന്നവർ പോകും. ഇവിടത്തെ തൈച്ചെടികളായിട്ടുള്ളവർ വരും. അല്ലാത്തവർ ഒരിയ്ക്കലും മനസ്സിലാക്കില്ല, അഴുക്കിൽ തന്നെ കുടുങ്ങിയിരിക്കും. കേട്ടിട്ട് അവസാനം പറയും-അല്ലയോ പ്രഭൂ, നിന്റെ ലീല.......താങ്കൾ എങ്ങനെയാണ് പഴയ ലോകത്തെ പുതിയതാക്കുന്നത്. നിങ്ങളുടെ ഈ ജ്ഞാനം പത്രങ്ങളിൽ ധാരാളം വരും. ഈ ചിത്രങ്ങൾ പത്രങ്ങളിൽ വർണ്ണാഭമായിട്ട് ഇടണം. എന്നിട്ട് എഴുതണം – ശിവബാബ പ്രജാപിതാ ബ്രഹ്മാവിലൂടെ പഠിപ്പിച്ച് ഇവരെ (ലക്ഷ്മീ നാരായണൻ) സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു. എങ്ങനെ? ഓർമ്മയുടെ യാത്രയിലൂടെ. ഓർമ്മിച്ച് ഓർമ്മിച്ച് നിങ്ങളുടെ അഴുക്ക് ഇല്ലാതാകും. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ എന്ന വഴി നിങ്ങൾക്ക് സർവ്വർക്കും പറഞ്ഞ് കൊടുക്കുവാൻ സാധിക്കും. ഇടയ്ക്കിടയ്ക്ക് ഇത് ഓർമ്മിപ്പിച്ചിട്ട് അവരുടെ മുഖത്തിന് എന്തെങ്കിലും മാറ്റം സംഭവിക്കുന്നുണ്ടോ എന്ന് നോക്കൂ. കണ്ണുകൾ നിറയുന്നുണ്ടോ? എന്തെങ്കിലും മനസ്സിലാക്കി എന്ന് അപ്പോൾ അറിയുവാൻ സാധിക്കും. ആദ്യമാദ്യം ഈ ഒരു കാര്യമാണ് മനസ്സിലാക്കിക്കേണ്ടത് . 5000 വർഷങ്ങൾക്ക് മുൻപും ബാബ പറഞ്ഞിരുന്നു എന്നെ മാത്രം ഓർമ്മിക്കൂ എന്ന്. ശിവബാബ വന്നിരുന്നു അതുകൊണ്ടല്ലേ ശിവജയന്തി ആഘോഷിക്കുന്നത്. ഭാരതത്തെ സ്വർഗ്ഗമാക്കുന്നതിനു വേണ്ടി മനസ്സിലാക്കി തന്നിരുന്നു, എന്നെ മാത്രം ഓർമ്മിക്കൂ അപ്പോൾ നിങ്ങൾ പാവനമായി മാറും. ചെറിയ ചെറിയ കുട്ടികൾക്കും ഇങ്ങനെ മനസ്സിലാക്കി കൊടുക്കുവാൻ സാധിക്കും. പരിധിയില്ലാത്ത അച്ഛനായ ശിവബാബ ഇങ്ങനെയാണ് മനസ്സിലാക്കി തരുന്നത്. ബാബാ എന്ന അക്ഷരം വളരെ മധുരമായതാണ്. ബാബയും സമ്പത്തും. കുട്ടികൾക്ക് അത്രയും നിശ്ചയമുണ്ടാകണം. ഇത് മനുഷ്യനിൽ നിന്നും ദേവതയാകുവാനുള്ള വിദ്യാലയമാണ്. ദേവതകൾ പാവനമായിരിക്കും. ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ, മന്മനാ ഭവ. ഈ വാക്ക് കേട്ടിട്ടുണ്ട്, കേട്ടിട്ടില്ലായെങ്കിൽ ബാബ കേൾപ്പിച്ച് തരുന്നു. ബാബ പറയുന്നു ഞാൻ തന്നെയാണ് പതീത പാവനൻ, എന്നെ ഓർമ്മിക്കൂ അപ്പോൾ നിങ്ങളുടെ തുരുമ്പ് ഇല്ലാതാവുകയും സതോപ്രധാനമാവുകയും ചെയ്യും. ഇത് തന്നെയാണ് പരിശ്രമം. ജ്ഞാനം വളരെ നല്ലതാണ്, ഫസ്റ്റ്ക്ലാസ്സ് ജ്ഞാനമാണ് എന്നൊക്കെ സർവ്വരും പറയുന്നുണ്ട് എന്നാൽ പ്രാചീനമായ യോഗത്തെക്കുറിച്ച് ആരും അറിയുന്നില്ല. പവിത്രമാകുവാനുള്ള കാര്യങ്ങൾ നിങ്ങൾ കേൾപ്പിച്ച് കൊടുക്കുകയാണ് എന്നാലും മനസ്സിലാക്കുന്നില്ല. ബാബ പറയുന്നു നിങ്ങൾ സർവ്വരും പതീതരും തമോപ്രധാനവുമായി മാറിയിരിക്കുന്നു. ഇപ്പോൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. സത്യത്തിൽ നിങ്ങൾ ആത്മാക്കൾ എന്നോടൊപ്പമായിരുന്നല്ലോ. ഓ ഗോഡ് ഫാദർ വരൂ എന്ന് എന്നെ വിളിക്കുന്നുമുണ്ട്. ഇപ്പോൾ ഞാൻ വന്നിരിക്കുകയാണ്, നിങ്ങൾ എന്റെ മതമനുസരിച്ച് നടക്കൂ. ഇതാണ് പതീതത്തിൽ നിന്നും പാവനമാകുവാനുള്ള മതം. ഞാൻ സർവ്വശക്തിവാനും സദാ പാവനവുമാണ്. ഇപ്പോൾ നിങ്ങൾ എന്നെ ഓർമ്മിക്കൂ. ഇതിനെ തന്നെയാണ് പ്രാചീന രാജയോഗം എന്ന് പറയുന്നത്. നിങ്ങൾ ജോലിയൊക്കെ ചെയ്തോളൂ, കുട്ടികളെയും മറ്റും സംരക്ഷിച്ചോളൂ, എന്നാൽ ബുദ്ധിയോഗം മറ്റ് സർവ്വതിൽ നിന്നും മാറ്റി എന്നിൽ വയ്ക്കൂ. ഇതാണ് ഏറ്റവും മുഖ്യമായ കാര്യം. ഇത് മനസ്സിലാക്കുന്നില്ല എങ്കിൽ അതിന്റെ അർത്ഥം ഒന്നും മനസ്സിലാക്കിയില്ല എന്നാണ്. വളരെ നല്ല ജ്ഞാനമാണ് പവിത്രതയും വളരെ നല്ലതാണ് എന്ന് പറയുന്നുണ്ട്, പക്ഷേ നമ്മൾ എങ്ങനെ പവിത്രമാകും? ഈ കാര്യം ഒരിയ്ക്കലും മനസ്സിലാക്കുന്നതേയില്ല. ദേവതകൾ സദാ പവിത്രമായിരുന്നല്ലോ, അവർ എങ്ങനെയാണ് ആയത്? ആദ്യമാദ്യം ഈ കാര്യം മനസ്സിലാക്കി കൊടുക്കണം. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ. ഓർമ്മിക്കുന്നതിലൂടെ തന്നെയാണ് പാപം നശിക്കുന്നതും പിന്നെ നിങ്ങൾ ദേവതയായി മാറും. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുളള മുഖ്യ സാരം –**

1) സ്വയത്തെ ദരിദ്രനിൽ നിന്നും സമ്പന്നനാക്കുന്നതിനു വേണ്ടി ബാബയിൽ നിന്നും അവിനാശിയായ ജ്ഞാന രത്നങ്ങൾ എടുക്കണം, ഈ ഓരോരോ രത്നവും ലക്ഷങ്ങൾ വിലയുള്ളതാണ്, ഇതിന്റെ മൂല്യത്തെ മനസ്സിലാക്കി പഠിത്തം പഠിക്കണം. ഈ പഠിത്തം തന്നെയാണ് വരുമാന മാർഗ്ഗം, ഇതിലൂടെ ഉയർന്ന പദവി നേടണം.

2) രാമന്റെ സമ്പ്രദായത്തിൽ വരുന്നതിനു വേണ്ടി സമ്പൂർണ്ണ പവിത്രമായ ഒരു ബാബയുമായി കൂട്ട് വയ്ക്കണം. കുസംഗത്തിൽ നിന്നും സദാ ദൂരെയിരിക്കണം. സർവ്വരിൽ നിന്നും ബുദ്ധിയോഗം മാറ്റി ഒരു ബാബയുമായി വയ്ക്കണം.

## വരദാനം:– ശക്തിശാലി ഓർമ്മയിലൂടെ സെക്കന്റിൽ കോടികളുടെ സമ്പാദ്യം ശേഖരിക്കുന്ന കോടാനുകോടി ഭാഗ്യശാലിയായി ഭവിക്കൂ

താങ്കളുടെ ഓർമ്മ ഇത്രയും ശക്തിശാലിയായിരിക്കണം ആ ഒരു സെക്കന്റിന്റെ ഓർമ്മയിലൂടെ കോടികളുടെ സമ്പാദ്യം ശേഖരിക്കപ്പെടണം. ആരുടെയാണോ ഓരോ ചുവടിലും കോടികളുള്ളത് അപ്പോൾ എത്ര കോടികൾ ശേഖരിക്കപ്പെടും. അതുകൊണ്ടാണ് പറയുന്നത് കോടാനുകോടി ഭാഗ്യശാലി. എപ്പോഴാണോ ആർക്കെങ്കിലും നല്ല സമ്പാദ്യമുണ്ടാകുന്നത് അപ്പോൾ അവരുടെ മുഖത്തിന്റെ തിളക്കം തന്നെ വേറെയായിരിക്കും. അതുകൊണ്ട് താങ്കളുടെ മുഖത്തിലൂടെയും കോടികളുടെ സമ്പാദ്യത്തിന്റെ ലഹരി കാണപ്പെടണം. ഇങ്ങനെയുള്ള ആത്മീയ ലഹരി, ആത്മീയ സന്തോഷമുണ്ടായിരിക്കണം അതിലൂടെ അനുഭവം ചെയ്യണം ഇവർ വ്യത്യസ്തരാണ്.

## സ്ലോഗൻ:– ഡ്രാമയിൽ എല്ലാം നല്ലത് തന്നെ സംഭവിക്കണം ഈ സ്മൃതിയിലൂടെ നിശ്ചിന്ത ചക്രവർത്തിയാകൂ.